H 604

# امتحان نصف السنة في المدارس الدينية ٢٠٢٣ - ٢٤ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

الصف: السادس | الموضوع: التاريخ | المدة: ساعتان | العلامات: ٨٠

**I ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതാം.** 10

1. 'അമീറുൽ മുഅ്മിനീൻ' എന്ന സ്ഥാനപ്പേര് ആദ്യമായി സ്വീകരിച്ച ഖലീഫ?
   (മുആവിയ ؓ - അബൂബക്ർ ؓ - ഉഥ്മാൻ ؓ - ഉമർ ؓ)
2. നബി വധിക്കപ്പെട്ടു എന്ന് കേട്ടപ്പോൾ വാളുയർത്തിയ സ്വഹാബി?
   (സുബൈർ ബിൻ അവ്വാം ؓ - അബ്ദുല്ലാഹിബ്നു സുബൈർ ؓ - അബൂ ഉബൈദ ؓ)
3. 'ജീവിച്ചിരിക്കുന്ന രക്തസാക്ഷി' എന്ന പേരിൽ അറിയപ്പെടുന്ന സ്വഹാബി?
   (ത്വൽഹതുബിൻ ഉബൈദില്ല ؓ - അബു അയ്യൂബിൽ അൻസ്വാരി ؓ - ഹംസ ؓ)
4. ഥൗർ ഗുഹയിൽ നബി ﷺ യുടെ കൂട്ടാളി?
   (അലി ؓ - ഉമർ ؓ - അബൂബക്ർ ؓ)
5. ഖുലഫാഉ റാശിദീങ്ങളിൽ ഏറ്റവും കുറഞ്ഞ കാലം ഭരണം നടത്തിയ ഖലീഫ?
   (അലി ؓ - ഉഥ്മാൻ ؓ - അബൂബക്ർ ؓ)

**II ചേർത്തെഴുതാം** 10

| | |
|---|---|
| നബി ﷺ യുടെ ഇമാം | ദുന്നൂറൈൻ |
| അലി ؓ | ഒന്നാം ഖലീഫ |
| അൽ ഫാറൂക്വ് | ഹൈദർ |
| അബൂബക്ർ ؓ | അബ്ദുറഹ്മാനുബ്നു ഔഫ് ؓ |
| ഉഥ്മാനുബ്നു അഫ്ഫാൻ ؓ | ഉമർ ؓ |

**III താഴെ കൊടുത്ത സംഭവങ്ങൾ അവ നടന്ന ക്രമത്തിൽ എടുത്തെഴുതാം.** 10

1. ഉമർ ؓ ഭരണ സൗകര്യത്തിനായി രാജ്യത്തെ പ്രവിശ്യകളാക്കി തരംതിരിച്ചു.
2. അബൂബക്ർ ؓ നബി ﷺ യോടൊപ്പം മദീനയിലേക്ക് ഹിജ്റ പോയി.
3. ഹിജ്റ 40 ൽ അലി ؓ കൊല്ലപ്പെട്ടു.
4. ഉഥ്മാനുബ്നു അഫ്ഫാൻ ؓ ക്വുർആനിന്റെ ഏഴ് പകർപ്പുകൾ തയ്യാറാക്കി.
5. അബൂബക്ർ ؓ നബി ﷺ യുടെ പ്രവാചകത്വം അംഗീകരിച്ചു.

**IV പൂർത്തിയാക്കി എഴുതാം.** 10

1. നബി ﷺ .................... നെ എന്റെ കൂട്ടുകാരൻ എന്ന് വിശേഷിപ്പിച്ചു.
2. ഫിലസ്ത്വീനിലെ മസ്ജിദ് ഉമർ ................ ലാണ് സ്ഥിതി ചെയ്യുന്നത്.
3. സ്വന്തം ജീവൻ പരിഗണിക്കാതെ ഹിജ്റ വേളയിൽ പകരക്കാരനായി നബി ﷺ യുടെ വിരിപ്പിൽ കിടന്നുറങ്ങിയത് .................. ആയിരുന്നു.
4. സ്വിദ്ദീക്വ് എന്ന പേരിൽ പ്രശസ്തനായ സ്വഹാബിയാണ് .................

5. .................. തന്റെ ശരീരത്തിലെ മുറിവടയാളങ്ങളിൽ അഭിമാനിച്ചിരുന്നു.

**V തെറ്റ് തിരുത്തി എഴുതാം.** 10

1. നബി ﷺ യുടെ ജനനത്തിന് മുമ്പാണ് അബുബക്ര് ؓ ന്റെ ജനനം
2. അലി ؓ ന് നബി ﷺ സമ്മാനിച്ച വാൾ ആണ് ദുൽക്വർനൈൻ.
3. ഉമർ ؓ ന്റെ കാലം മുതൽ മുസ്‌ലിം ഭരണാധികാരികൾ ഖലീഫത്തു റസൂലില്ലാഹി എന്ന പേരിൽ അറിയപ്പെട്ടു.
4. അബൂബക്ര് ؓ ന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട മുസ്വ്ഹഫ് ആഇശ ؓ ആണ് സൂക്ഷിച്ചിരുന്നത്.
5. അലി ؓ ഇസ്‌ലാമിക ലോകത്ത് തപാൽ സമ്പ്രദായത്തിന് തുടക്കം കുറിച്ചു.

**VI സന്ദർഭം ഓർത്തെഴുതാം. (രണ്ടെണ്ണം)** 10

1. "താൻ നിയമിച്ച ജഡ്ജിയുടെ മുമ്പിൽ അമീറുൽ മുഅ്മിനീൻ പരാതി ബോധിപ്പിക്കുക. ജഡ്ജി അമീറിനെതിരായി വിധിക്കുക. ഇത് പ്രവാചകന്മാരുടെ വിധി തന്നെ."
2. "അല്ലാഹുവിന്റെ റസൂലിനെ ആപത്തുകളിൽ നിന്ന് കാത്തു രക്ഷിക്കാനായി ഏറെനാൾ ഉപയോഗിച്ച വാളാണിത്."
3. "അല്ലാഹു എനിക്ക് പത്തിരട്ടി ലാഭം വാഗ്ദാനം ചെയ്തിരിക്കുന്നു. പത്തിന് നൂറ് ലാഭത്തിന് ഇതാ ഞാൻ നിങ്ങൾക്ക് ഇതൊക്കെയും ദാനം ചെയ്യുന്നു."

**VII കുറിപ്പുകൾ എഴുതാം രണ്ടെണ്ണം** 10

1. ജിസ്‌യ
2. റൂമാ കിണർ
3. അബൂബക്ര് ؓ ഉഥാമക്ക് നൽകിയ ഉപദേശം.

**VIII വിവരണം തയ്യാറാക്കാം. (രണ്ടെണ്ണം)** 10

1. ഉമർ ؓ ന്റെ ഇസ്‌ലാം ആശ്ലേഷം.
2. മുസ്വ്ഹഫ് ഉഥ്മാനി
3. ഉമർ ؓ ന്റെ ഭരണപരിഷ്കാരങ്ങൾ